# കേരള സർവകലാശാല

നം. പി.ആർ.090/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പരീക്ഷാകേന്ദ്രങ്ങൾ

വിദൂര വിദ്യാഭ്യാസ വിഭാഗം ഏപ്രിൽ 25-ന് തുടങ്ങാനിരിക്കുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ സപ്ലിമെന്ററി ഡിഗ്രി പരീക്ഷ ഗവൺമെന്റ് ആർട്സ് കോളേജ് തിരുവനന്തപുരം, യു.ഐ.ടി (ഗവ.ഹൈസ്കൂൾ ക്യാംപസ്) മുളങ്കാടകം വെസ്റ്റ് കൊല്ലം, എസ്.എൻ കോളേജ് ചേർത്തല എന്നീ കേന്ദ്രങ്ങളിൽ വെച്ചു നടത്തുന്നതാകുന്നു. ഹാൾ ടിക്കറ്റ് അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും കൈപ്പറ്റണം.

## തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന പി.ജി. സർട്ടിഫിക്കറ്റ് ഇൻ ടി.വി ന്യൂസ് ജേർണലിസം കോഴ്സിന് അപേക്ഷ സമർപ്പിക്കാനുള്ള തീയതി നീട്ടി. അവസാന തീയതി ഏപ്രിൽ 30.യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബിരുദം.കോഴ്സ് കാലാവധി : ആറ് (6) മാസം.ഫീസ് : 10,500/- രൂപ. അപേക്ഷ ഫീസ്: 150/- രൂപ.അപേക്ഷ ഫോറം പി.എം.ജി. ജംഗ്ഷനിലെ CACEE ഓഫീസിൽ ലഭിയ്ക്കും.വിവരങ്ങൾക്ക്: 0471-2302523.

## ബി.എഡ് ഫലം

2017 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ് പരീക്ഷയുടെ (റെഗുലർ/ സപ്ലിമെന്ററി) ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.പുനർ മൂല്യനിർണയത്തിനും സ്ക്രൂട്ടിനിയ്ക്കും മേയ് 11 വരെ അപേക്ഷിക്കാവുന്നതാണ്.

## ബി.പി.എ ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.പി.എ (വോക്കൽ വീണ, വയലിൻ, മൃദംഗം, ഡാൻസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ പരീക്ഷ

2017 ആഗസ്റ്റിൽ നടത്തിയ ഒന്നാം വർഷ ബി.ബി.എ(പ്രൈവറ്റ് രജിസ്ട്രേഷൻ ആന്വൽ സ്കീം) പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ പരീക്ഷാ വിഭാഗത്തിൽ എത്തിച്ചിട്ടുള്ളവർ അതാത് പരീക്ഷാകേന്ദ്രങ്ങളിൽ നിന്നും മാർക്ക്ലിസ്റ്റ് കൈപ്പറ്റേണ്ടതാണ്. പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ഇത് വരെ നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പരീക്ഷാ വിഭാഗത്തിൽ (ED I Section) ഏൽപ്പിക്കേണ്ടതാണ്.ബന്ധപ്പെടേണ്ട നമ്പർ : 0471 2386254

## എൽ.എൽ.ബി ഫലം

2017 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി./ബി.കോം.എൽ.എൽ.ബി/ബി.ബി.എ. എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും മെയ് 14 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എസ്സി. നഴ്സിംഗ് ഫലം

2017 ഡിസംബറിൽ നടത്തിയ നാലാം വർഷ ബി.എസ്.സി. നഴ്സിംഗ്(മേഴ്സി ചാൻസ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മ പരിശോധനയ്ക്കും പുനർ മൂല്യനിർണയത്തിനും മെയ് ഏഴ് വരെ അപേക്ഷിക്കാം.

## ബി.കോം ടൈം ടേബിൾ

ഏപ്രിൽ 30 ന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.കോം(ആന്വൽ സ്കീം) പരീക്ഷാ ടൈം ടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബിരുദാനന്തര ബിരുദ കോഴ്സുകൾ

കേരള സർവകലാശാല പഠന വകുപ്പുകളിൽ(സി എസ് എസ്) എം.ടെക് ഉൾപ്പെടെയുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് ഏപ്രിൽ 25 വരെ അപേക്ഷിക്കാം.വിശദവിവരങ്ങൾ(www.admissions.keralauniversity.ac.in)എന്ന വെബ്സൈറ്റിൽ ലഭിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കാനുള്ളത്)*

തിരുവനന്തപുരം.
23.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098